(സി) സംസ്ഥാന സർക്കാരിന്റെ പ്രവേശന പരീക്ഷ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രവേശനം നൽകുന്നു.

(ഡി) & (ഇ) കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന ഫീസാണ് ഈ കോളേജുകളിൽ ഈടാക്കുന്നത്.

63 (2441) തൃശ്ശൂർ ജില്ലയിൽ പുതിയ കോളേജ് തുടങ്ങാൻ നടപടി

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം പുതിയ കോളേജുകൾ തുടങ്ങുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പുതിയ കോളേജുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണ്;

(സി) വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളെ പുതിയ കോളേജുകൾ ആരംഭിക്കുമ്പോൾ പരിഗണിക്കുമോ;

(ഡി) ചേർപ്പ് നിയോജകമണ്ഡലത്തിൽ ഒരൊറ്റ കോളേജും ഇല്ല എന്ന പരിഗണനയും, ഉയർന്ന വിജയശതമാനമുള്ള സ്കൂളുകളുള്ളതും കണക്കിലെടുത്ത് ഒരു കോളേജ് അനുവദിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളുടേയും ശുപാർശകൾ സർക്കാരിന് ലഭിച്ചിട്ടില്ല. ലഭിച്ചുകഴിഞ്ഞാൽ മാത്രമേ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

(ബി) കോളേജിനാവശ്യമായ സ്ഥലസൗകര്യം പ്രദേശത്തെ പിന്നോക്കാവസ്ഥ, കോളേജിനുള്ള ആവശ്യകത മുതലായവയാണ് മാനദണ്ഡം.

(സി) ബന്ധപ്പെട്ട സർവ്വകലാശാലയുടെ ശുപാർശ ലഭിച്ചാൽ പരിഗണിക്കുന്നതാണ്.

(ഡി) സർവ്വകലാശാലകളുടെ ശുപാർശ സർക്കാരിന് ലഭിച്ചാൽ പരിഗണിക്കുന്നതാണ്.

64 (2442) യു.ജി.സി. ഗ്രാന്റ് നഷ്ടപ്പെടുത്തിയ നടപടി

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. സി.ടി. അഹമ്മദ് സലി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കട്ട് സർവ്വകലാശാലയിലെ ഡിസ്റ്റന്റ് എഡ്യൂക്കേഷൻ വകുപ്പിന് ലഭിക്കേണ്ടിയിരുന്ന യു.ജി.സി. ഗ്രാന്റ് നഷ്ടപ്പെട്ടുപോയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സിൻഡിക്കേറ്റ് അധികൃതർ ഗ്രാന്റ് ലഭ്യമാക്കുന്നതു സംബന്ധിച്ച നടപടിക്രമങ്ങൾ മന:പൂർവ്വം വൈകിച്ചതുമൂലമാണ് ഗ്രാന്റ് നഷ്ടപ്പെട്ടതെന്ന ആരോപണം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥൻമാർ ആരെല്ലാം; അവർക്ക് എതിരെ കൈക്കൊണ്ട ശിക്ഷണ നടപടികൾ എന്ത്; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ആകെ എത്ര കോടി രൂപയുടെ നഷ്ടമാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഗ്രാന്റ് നൽകുന്നതിനുള്ള യു.ജി.സി. വ്യവസ്ഥകൾക്ക് അനുസൃതമായ സ്റ്റാറ്റ്യൂട്ട് ഭേദഗതികൾ വരുത്തുന്നതിനുള്ള കാലതാമസംമൂലം 8-ാം പദ്ധതിക്കാലത്ത് ലഭിക്കേണ്ടിയിരുന്ന അപ്ഗ്രഡേഷൻ ഗ്രാന്റിന്റെ ഒന്നാം ഗഡു മാത്രമേ യു.ജി.സി. നൽകിയിട്ടുള്ളൂ.

(ബി) നടപടിക്രമം മന:പൂർവ്വം വൈകിച്ചിട്ടില്ല.

(സി)&(ഡി) ഉദിക്കുന്നില്ല.

(ഇ) എട്ടാം പദ്ധതിയിലും ഒമ്പതാം പദ്ധതിയിലുമായി ഏകദേശം 80 ലക്ഷം രൂപ യു.ജി.സി. യിൽ നിന്നും ലഭിക്കുവാൻ സാദ്ധ്യതയുണ്ടായിരുന്നത് കിട്ടിയിട്ടില്ല.

65 (2443) സർവ്വകലാശാലകൾക്കുള്ള ഗ്രാന്റ്

ശ്രീ. കെ.സി. വേണുഗോപാൽ :

ശ്രീ. എ.കെ. മണി :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് സർക്കാരിൽ നിന്നും സംസ്ഥാനത്തുള്ള സർവ്വകലാശാലകൾക്ക് എന്തു തുക വീതം ഗ്രാന്റ് നൽകിയിരുന്നു;

(ബി) ഇപ്പോൾ സർവ്വകലാശാലകൾക്ക് എന്തു തുകയാണ് ഗ്രാന്റായി നൽകിവരുന്നത്;

(സി) സർവ്വകലാശാലകൾക്കുള്ള ഗ്രാന്റ് തുക കുറയ്ക്കുവാനുള്ള കാരണമെന്താണ്?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്.[+]

(ബി) 1999-2000 സാമ്പത്തിക വർഷത്തിൽ സർവ്വകലാശാലകൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശം താഴെപ്പറയുന്നു:

കേരള സർവ്വകലാശാല പദ്ധതി - 3,50,00,000

[+] ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly